Mathrubhumi

23 August 2018

Kodamangalam, After Flood, Huge Sand Deposit

നദിയിലും തീരങ്ങളിലും വൻ മണൽ നിക്ഷേപം

കോതമംഗലം ▸ പ്രളയത്തിൽ ടൺക ണക്കിന് ചെളിയും മണലും ബാക്കി നൽകിയാണ് നദികളെല്ലാം മടങ്ങിയ ത്. നദികരം പലതും ശുദ്ധമായപ്പോഴം നാടും വീടും മലിനമായി. നദി നിറ ഞ്ഞുകവിഞ്ഞ് പോയ വഴിയെല്ലാം ചെളിയിൽ മുങ്ങി കിടക്കുകയാണ്. തീരത്ത് പുതിയ മൺതിട്ടകം രൂപ പ്പെട്ടു. തോട്ടങ്ങളും കൃഷിയിടങ്ങളും വീടുകളും എല്ലാം ചെളിയിൽ ആറാടി നിൽക്കുന്ന ദയനീയ കാഴ്ച. ശക്തമായ ഒഴുക്കിൽ പെരിയാർ കരകവിഞ്ഞ പ്പോഴം തീരത്തും തീരത്തോടു ചേർ ന്നുള്ള ഏക്കർകണക്കിന് പ്രദേശത്തു മായി ടൺകണക്കിന് ചെളിയും മണ ലുമാണ് അടിഞ്ഞത്. കോടികളുടെ മണൽ നിക്ഷേപമാണ് ഉണ്ടായത്. നശിച്ച കെട്ടിടങ്ങളുടെ പുനർ നിർ മാണത്തിന് ഈ മണ്ണ് പ്രയോജനപ്പെ ടുത്താൻ സാധിക്കും. ഇക്കാര്യത്തിൽ അധികൃതരുടെ ഇടപെടലുണ്ടായില്ലെ കിൽ വൻ മണൽക്കൊള്ളയ്ക്കു വഴി യൊരുക്കുമെന്ന് ആരോപണമുണ്ട്.

ജില്ല കൃഷിത്തോട്ടം വക ഏക്കർകണക്കിന് സ്ഥലത്ത് മണലും ചെളിയും അടിഞ്ഞിരിക്കുന്നു - നേര്യമംഗലം പാലത്തിൽനിന്നുള്ള ദൃശ്യം